**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **20.06.2019 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 3577** **മറുപടിക്ക്**

**വയനാട് ജില്ലയിലെ പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. ശശീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) വയനാട് ജില്ലയിലെ വൈത്തിരി, പനമരം പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം പണിയുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ: | എ) വയനാട് ജില്ലയിലെ വൈത്തിരി, പനമരം പോലീസ് സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണത്തിനായി 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പനമരം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 31.326 ലക്ഷം രൂപയും. വൈത്തിരി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 21.6 ലക്ഷം രൂപയും ആദ്യ ഗഡുവായി അനുവദിച്ചിരുന്നു. കൂടാതെ 2019-20 വാർഷിക പദ്ധതിയിൽപ്പെടുത്തി വൈത്തിരി, പനമരം എന്നീ പോലീസ് സ്റ്റേഷനുകൾക്ക് രണ്ടാം ഗഡുവായി യഥാക്രമം 23.760 ലക്ഷം രൂപയും. 34.459 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) വയനാട് ജില്ലയിലെ വടുവഞ്ചാൽ എന്ന സ്ഥലത്ത് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ? | ബി) ഇല്ല. നിലവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും മുൻ സർക്കാരിന്റെ അവസാനകാലത്ത് പ്രഖ്യാപിച്ച് പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിക്കാത്ത തുമായ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാണ് സർക്കാർ ഇപ്പോൾ പരിഗണന നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ